# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2024 | 16.02.2016-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യുടെ നവീകരണം

| ചോദ്യം<br>ശ്രീ. റ്റി.യു. കുരുവിള : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയുടെ നവീകരണത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തിനായി ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.<br>1. കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രമായി നിജപ്പെടുത്തുകയുണ്ടായി. അതിൻ പ്രകാരം കെ.എസ്.ആർ.ടി.സി ഇതിനകം 185 സ്വകാര്യ സൂപ്പർ ക്ലാസ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്.<br>2. അന്തർ സംസ്ഥാന റൂട്ടുകളിലെ യാത്രാ ക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടകയിൽ 12294 കി.മീ. ദൂരം സർവ്വീസ് നടത്തുന്നതിന് ആ സംസ്ഥാനവുമായി ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്.<br>3. കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്ന ലക്ഷ്യമിട്ട് ഓൺലൈൻ റിസർവേഷൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.<br>4. പുതിയ റൂട്ടുകളിലേക്ക് ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.<br>5. സംസ്ഥാനത്തിന് പുറത്തേക്ക് മൾട്ടി ആക്സിൽ സർവ്വീസുകൾ നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.<br>6. വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഇൻസെന്റീവ് സ്കീം നടപ്പിൽ വരുത്തി. |

| | | | |
|---|---|---|---|
| | | | 7. ദീർഘദൂര സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന പഴയ ബസുകൾ മാറ്റി 10 വോൾവോ, 50 പുതിയ ഡീലക്സ് ബസ് എന്നിവ നിരത്തിലിറക്കി.<br>8. ബെംഗളൂരുവിൽ കെ.എസ്.ആർ.ടി.സി.യുടെ ഒരു എ.റ്റി.ഒ ഓഫീസ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br>9. 1500 ചേസിസുകൾക്ക് പർച്ചേയ്സ് ഓർഡർ നൽകുകയും ആയതിൽ ലഭ്യമായ 878 ഷാസികളിൽ 720 എണ്ണം ബോഡി നിർമ്മാണം പൂർത്തീകരിച്ച് നിരത്തിലിറക്കുകയും ചെയ്തു.<br>10. സി.എൻ.ജി ഉപയോഗിച്ചുള്ള ബസുകൾ, ഇലക്ട്രിക് ബസുകൾ, ഹൈബ്രിഡ് ബസുകൾ എന്നിവ ഓടിക്കുന്നത് സംബന്ധിച്ച സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (ബി) | ഡിപ്പോകൾ കേന്ദ്രീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള പുതിയ വരുമാന വർദ്ധന പദ്ധതികൾ നടപ്പിലാക്കുമോ ; | (ബി) | ഇത്തരം പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പാക്കി വരികയാണ്. അതിൻ പ്രകാരം ഇതുവരെ B.O.T അടിസ്ഥാനത്തിൽ തിരുവനന്തപുരം, അങ്കമാലി, കോഴിക്കോട്, തിരുവല്ല എന്നിവിടങ്ങളിലും അല്ലാതെ Interest Free Deposit സ്വീകരിച്ച് കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ എന്നിവിടങ്ങളിലും പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. നിലമ്പൂർ, മൂവാറ്റുപുഴ, തൊടുപുഴ, ഹരിപ്പാട്, പത്തനംതിട്ട എന്നിവിടങ്ങളിൽ പണി പുരോഗതിയിലുമാണ്. മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ പണി ഉടനെ ആരംഭിക്കും. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരെ വർഷംതോറും പി.എസ്.സി വഴി നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി മുഖേന ജീവനക്കാരുടെ നിയമനം നടത്തി വരുന്നു. |
| (ഡി) | കൂടുതൽ ബസ്സുകളും സർവ്വീസുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 391 ജൻറം ബസുകൾ (ആദ്യ ഘട്ടത്തിൽ 108ഉം രണ്ടാം ഘട്ടത്തിൽ 283ഉം) ഉൾപ്പെടെ 2151 |

| | | | |
|---|---|---|---|
| | | | ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. 117 നോൺ എ.സി സെമി ലോ ഫ്ളോർ ജൻറം ബസുകളും എയർ സസ്പെൻഷനോടുകൂടിയ 150 സൂപ്പർ ക്ലാസ് ബസുകളും ഉൾപ്പെടെ 897 ബസുകൾ കൂടി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 18 അത്യാധുനിക മൾടി ആക്സിൽ ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. |
| (ഇ) | കൂടുതൽ ലോഫ്ളോർ ബസ്സുകൾ നിരത്തിലിറക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ജൻറം രണ്ടാം ഘട്ടത്തിൽ 400 (110 എ.സി + 290 നോൺ എ.സി) ബസുകൾക്ക് അനുമതി നല്കിയതിൽ ഇതുവരെ 283 ബസുകൾ ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 117 (നോൺ എ.സി) ബസുകൾ കൂടി വാങ്ങി നിരത്തിലിറക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ